വെളിച്ചം

# GLPS

# തച്ചംപള്ളി

# അക്കാദമിക മാസ്റ്റർ പ്ലാൻ

2025-2026

# ഉള്ളടക്കം


1. ആമുഖം
2. ലക്ഷ്യങ്ങൾ
3. വിദ്യാലയ ചരിത്രം
4. വിദ്യാലയം - കാഴ്ചപ്പാട്
5. പദ്ധതി രൂപീകരണ പ്രക്രിയ - വിവിധ ഘട്ടങ്ങൾ
6. നിലവിലെ അവസ്ഥാ വിശകലനം
7. മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനം
8. പദ്ധതി വിശദാംശങ്ങൾ ( മേഖല / ഉപമേഖല / ലക്ഷ്യം / പ്രവർത്തനങ്ങൾ കാലം / സാമ്പത്തിക വിശകലനം )
9. പ്രതീക്ഷിത നേട്ടങ്ങൾ
10. ഉപസംഹാരം

# അടിസ്ഥാന വിവരങ്ങൾ

വിദ്യാലയത്തിന്റെ പേര്: ഗവ: LPS തച്ചപ്പള്ളി

വിലാസം: മണമ്പൂർ P.O കടവൂർ
തിരുവനന്തപുരം PIN - 695313

സ്കൂൾ കോഡ്: 43425

വിദ്യാഭ്യാസ ജില്ല: തിരുവനന്തപുരം

ഉപജില്ല: കണിയാപുരം

ബി.ആർ.സി: കണിയാപുരം.

സി.ആർ.സി: പോത്തൻകോട്

ഗ്രാമപഞ്ചായത്ത്: പോത്തൻകോട്

ബ്ലോക്ക് പഞ്ചായത്ത്: പോത്തൻകോട്

ജില്ലാ പഞ്ചായത്ത്: തിരുവനന്തപുരം

നിയമസഭാ മണ്ഡലം: നെടുമങ്ങാട്

ലോക്സഭാ മണ്ഡലം: ആറ്റിങ്ങൽ

താലൂക്ക്: തിരുവനന്തപുരം

വില്ലേജ്: കീഴ്തോന്നക്കൽ

ഇ-മെയിൽ: glpsthachappally@gmail.com

## ആമുഖം

പോത്തൻകോട് ഗ്രാമപഞ്ചായത്തിലെ മഞ്ഞമല എന്ന ഗ്രാമത്തിലാണ് വിദ്യാലയം. മഞ്ഞമല എന്ന സ്ഥലത്താണ് സ്ഥിതിചെയ്യുന്നതെങ്കിലും ചെമ്പഴന്തി സ്കൂൾ എന്ന പേരിലാണ് അറിയപ്പെടുന്നത്. ധാരാളം കുന്നുകൾ നിറഞ്ഞ ഗ്രാമമായതിനാലാണ് മഞ്ഞമല എന്ന പേര് പ്രദേശത്തിന് കിട്ടിയത്.

## ലക്ഷ്യങ്ങൾ

- മതനിരപേക്ഷ ജനാധിപത്യ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് ഗ്രാമീണ അന്തരീക്ഷത്തിൽ മികച്ചതും സൗജന്യവുമായ വിദ്യാഭ്യാസം സമസ്ത ജനവിഭാഗങ്ങൾക്കും ഉറപ്പുവരുത്തുക
- അക്കാദമിക മികവിന് ഉപകരിക്കുന്ന വിധത്തിൽ ദീർഘകാല പരിപ്രേക്ഷ്യത്തോടെ പശ്ചാത്തല സൗകര്യം വർദ്ധിപ്പിക്കുക
- എൽ.കെ.ജി മുതൽ നാലാം ക്ലാസ് വരെ ഓരോ ക്ലാസ് അടിസ്ഥാനത്തിലും വിഷയാടിസ്ഥാനത്തിലും പാഠ്യപദ്ധതിക്കനുസൃതമായി നേടേണ്ട ശേഷികൾക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങളും സമയബന്ധിതമായി നടപ്പാക്കാനും ഉതകുന്ന പ്രവർത്തന കലണ്ടറും രേഖപ്പെടുത്തൽ
- അധ്യാപനവും അധ്യയനവും സർഗാത്മകവും രസകരവുമാക്കുന്നതിന് ഉപകരിക്കുന്ന വിധത്തിലുള്ള വിവിധ പ്രവർത്തനങ്ങൾ രൂപീകരിക്കുക

# വിദ്യാലയ ചരിത്രം

തിരുവനന്തപുരം ജില്ലയിലെ പോത്തൻകോട് ഗ്രാമപഞ്ചായത്തിലുൾപ്പെട്ട ഈ സ്കൂൾ 1917ൽ ഒരു കുടിപ്പള്ളിക്കൂടമായാണ് പ്രവർത്തനം ആരംഭിച്ചത്. ഈ സരസ്വതിവിദ്യാലയത്തിന് ആരംഭം കുറിച്ചത് വെട്ടിക്കൽ അധികാരി എന്നറിയപ്പെടുന്ന ശ്രീ ശങ്കരനാരായണപിള്ള അവർകളാണ്. അദ്ദേഹം രാജഭരണത്തിന് കീഴിലുള്ള ഒരു ഉദ്യോഗസ്ഥനായിരുന്നു. വളരെ വലിയ ഭൂവുടമയായിരുന്ന അദ്ദേഹം ഈ പ്രദേശത്തെ വിദ്യാഭ്യാസ പിന്നോക്കാവസ്ഥ പരിഹരിക്കുക എന്ന ലക്ഷ്യത്തോടെയാണ് തൈപ്പള്ളി സ്കൂൾ ആരംഭിച്ചത്. ജാതി വിവേചനം നിലനിന്നിരുന്ന ആ കാലഘട്ടത്തിൽ തികച്ചും മതേതരവാദിയായ ശ്രീ ശങ്കരനാരായണപിള്ള അവർകൾ ഈ വിദ്യാലയം ആരംഭിക്കുമ്പോൾ പിന്നോക്കസമുദായത്തിലുള്ള ആളുകളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് വിദ്യാഭ്യാസത്തിലൂടെ കൊണ്ടുവരികയെന്ന ഒരു മഹത്തായ ലക്ഷ്യവുമുണ്ടായിരുന്നു. ഈ സ്ഥാപനത്തിന് നേതൃത്വം കൊടുക്കാൻ പ്രഥമാധ്യാപകനായി നിയമിച്ചത് ഇന്നാട്ടുകാരനും വെട്ടിക്കൽ അധികാരിയുടെ സന്തതസഹചാരിയുമായിരുന്ന യശ്ശഃശരീരനായ പാച്ചൻപിള്ള സാറിനെയാണ്. ദശാബ്ദങ്ങളോളം ഈ നാടിനെ വിദ്യാഭ്യാസ പുരോഗതിയിലേക്ക് നയിക്കാൻ പാച്ചൻപിള്ള സാറിന് കഴിഞ്ഞു.

നമ്മുടെ നാട്ടിലെ വിദ്യാഭ്യാസ നവോത്ഥാനത്തിന് തുടക്കം കുറിച്ച ഈ മഹത് വ്യക്തികളുടെ ദീപ്തമായ ഓർമകൾക്ക് മുമ്പിൽ ശിരസ് നമിക്കുന്നു.

വിദ്യാലയം മികവിന്റെ കേന്ദ്രം – കാഴ്ചപ്പാട്

- ▲ പാഠ്യപാഠ്യേതര പ്രവർത്തനങ്ങളിൽ സജീവ താല്പര്യത്തോടെ കുട്ടികൾ പങ്കെടുക്കുന്ന വിദ്യാലയാന്തരീക്ഷം സൃഷ്ടിക്കൽ.
- ▲ ശുചിത്വം, ദീനാനുകമ്പ തുടങ്ങിയ മൂല്യങ്ങളും മനോഭാവങ്ങളും രൂപപ്പെടുത്തുന്നതിനുള്ള സാഹചര്യമൊരുക്കൽ
- ▲ പാർശ്വവൽക്കരിക്കപ്പെട്ടവർക്ക് പ്രത്യേക പരിഗണനയും പങ്കാളിത്തവും ഉറപ്പാക്കുന്ന വിദ്യാലയാന്തരീക്ഷം ഉറപ്പാക്കൽ
- ▲ ലോകത്തെവിടെയും സമാനപ്രായമുള്ള കുട്ടികളാർജ്ജിച്ചതിനേക്കാൾ മികവോടെ ശേഷികളും ധാരണകളും ഓരോ ക്ലാസിലും കുട്ടികൾ നേടുന്നുണ്ടോ എന്ന് ഉറപ്പാക്കൽ
- ▲ പരിസ്ഥിതിയെ കാത്തുസൂക്ഷിക്കാനുള്ള കാഴ്ചപ്പാട്

## പദ്ധതി രൂപീകരണ പ്രക്രിയ - വിവിധ ഘട്ടങ്ങൾ

- SRG യോഗത്തിൽ നച്ചുപ്പുള്ളി എൽ.പി.എസ് @ 2035 എന്ന വികസന കാഴ്ചപ്പാടിന്റെ അവതരണവും ചർച്ചയും.
- → വികസനാവശ്യങ്ങൾ ഭൗതികം / അക്കാദമികം / സാമൂഹ്യം എന്നിങ്ങനെ തിരിച്ച് കരട് രൂപരേഖ തയ്യാറാക്കൽ.
- → കരട് രൂപരേഖ SRG, SMC, PTA, ജനപ്രതിനിധികൾ തുടങ്ങിയവരുടെ ശിൽപശാലയിൽ അവതരിപ്പിക്കുന്നു.
- → ശിൽപശാലയിൽ ഉയർന്നു വന്ന നിർദേശങ്ങൾ കൂട്ടിച്ചേർക്കൽ
- → P.T.A നേതൃത്വത്തിൽ ക്രോഡീകൃത പദ്ധതി രേഖ തയ്യാറാക്കൽ.

### നിലവിലെ അവസ്ഥാവിശകലനം.

a) ഭൗതികം - നേട്ടങ്ങൾ

* 2015 - 2016 വർഷത്തിൽ പത്മശ്രീ. M.A യൂസഫ് അലിയുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന ലുലു ഇന്റർനാഷണൽ ഗ്രൂപ്പ് 3 ലക്ഷം രൂപയ്ക്ക് സ്കൂളിലെ കുട്ടികൾക്ക് ശിശുസൗഹൃദ ഫർണിച്ചർ വാങ്ങിത്തന്നു.

* ശ്രീ വയലാർ രവി M.P യുടെ പ്രാദേശിക വികസന ഫണ്ട് ഉപയോഗിച്ച് 5 ലക്ഷം രൂപയ്ക്ക് അത്യാധുനിക രീതിയിലുള്ള ഒരു കമ്പ്യൂട്ടർ ലാബ് സജ്ജീകരിച്ചു.
* നെടുമ്പാശ്ശേരി വിമാനത്താവള അധികൃതർ അവരുടെ CSR ഫണ്ട് ഉപയോഗിച്ച് സ്കൂൾ പാർക്ക് നവീകരിച്ചു.
* പോത്താൻകോട് ഗ്രാമപഞ്ചായത്ത് പാചകപ്പുര നിർമ്മിച്ച് നൽകി.
* പോത്താൻകോട് ഗ്രാമപഞ്ചായത്ത് 10 ലക്ഷം രൂപ ഉപയോഗിച്ച് നിലവിലെ കെട്ടിടത്തിന് മുകളിൽ ഒരു നില കൂടി നിർമ്മിച്ചു.
* രാജ്യസഭാ M.P ആയിരുന്ന ശ്രീ. A.K. ആന്റണി അദ്ദേഹത്തിന്റെ പ്രാദേശിക വികസന ഫണ്ടിൽ നിന്ന് 25 ലക്ഷം രൂപ അനുവദിച്ച് കെട്ടിടം നിർമ്മിച്ചു.
* നെടുമങ്ങാട് MLA ശ്രീ. ദിവാകരൻ 25 ലക്ഷം രൂപ അനുവദിച്ച് ഒരു സ്കൂൾ കെട്ടിടം നിർമ്മിച്ചു.
* കടുവാച്ചിറ മീരാസാഹിബ് ചാരിറ്റബിൾ ട്രസ്റ്റ് 6 ലക്ഷം രൂപ ഉപയോഗിച്ച് ഒരു ലൈബ്രറി മന്ദിരം നിർമ്മിച്ചു.
* സ്കൂളിന്റെ ആദ്യ പ്രഥമാധ്യാപകനായ പാച്ചൻപിള്ള സാറിന്റെ സ്മരണാർത്ഥം അദ്ദേഹത്തിന്റെ ചെറുമകൻ ശ്രീ. വേണുഗോപാലൻ

നായർ പ്രവേശന കവാടം നിർമിച്ചു നൽകി.

→ UST കമ്പനി KG കുട്ടികൾക്കായി ശിശുസൗഹൃദ ഫർണിച്ചർ വാങ്ങി നൽകി.

→ Guide House കമ്പനിക്കാർ Dining Hall നവീകരിച്ച് Dining Furniture വാങ്ങി നൽകി.

→ ബഹുപദ്ധതി പ്രകാരം നഴ്സറി ക്ലാസ് മുറികൾ നവീകരിക്കുകയും പുതിയ കളിയുപകരണങ്ങൾ വാങ്ങി നൽകുകയും ചെയ്തു.

→ പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് ചുറ്റുമതിൽ നിർമിക്കുകയും ക്ലാസ് മുറി സീലിംഗ് ചെയ്യുകയും ചെയ്തു.

→ S.S.K വർണ്ണക്കൂടാരം പദ്ധതിക്കായി 10 ലക്ഷം രൂപ അനുവദിച്ചു. നിർമാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

## ഭൗതികം - പരിമിതികൾ

→ ശാസ്ത്രലാബില്ല.

→ സ്റ്റാഫ് റൂം പ്രത്യേകമായില്ല.

→ ഓപ്പൺ ഓഡിറ്റോറിയം ഇല്ല

→ വാഹനസൗകര്യം ഇല്ല.

→ കളിസ്ഥലത്തിന്റെ അപര്യാപ്തത.

## അക്കാദമികം - നേട്ടങ്ങൾ

-> കുട്ടികളുടെ വായനാശീലം വളർത്തുന്നതിനായി ചെമ്പഴന്തി S.N കോളേജിലെ NSS യൂണിറ്റുമായി സഹകരിച്ച് പുസ്തകത്തൊട്ടിൽ എന്ന പേരിൽ 2000 പുസ്തകങ്ങൾ സമാഹരിച്ച് സ്കൂൾ ലൈബ്രറിയിൽ എത്തിച്ചിട്ടുണ്ട്.

-> ലോകത്തെ അറിയുക എന്ന ലക്ഷ്യത്തെ മുൻനിർത്തി മാധ്യമം പത്രം സ്കൂളിൽ എത്തിക്കുന്നുണ്ട്.

-> സ്കൂളിൽ പൊതുവിജ്ഞാനം നേടിക്കൊടുക്കുന്നതിനുള്ള പ്രവർത്തനങ്ങൾ കൂടുതലായി ചെയ്യുന്നുണ്ട്.

-> ഓരോ വർഷവും L.S.S നേടുന്ന കുട്ടികളുടെ എണ്ണം വർദ്ധിച്ചു വരുന്നുണ്ട്.

## അക്കാദമികം - പരിമിതികൾ

-> കലാകായിക വിദ്യാഭ്യാസത്തിന് അധ്യാപകരുടെ സേവനം ലഭ്യമല്ല.

-> പ്രീ-പ്രൈമറി അധ്യാപക നിയമനം നടത്തിയിട്ടില്ല.

-> HM ന്റെ ക്ലാസ് ചാർജ്.

-> Smart Class Room കളുടെ അഭാവം

## മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ ഒറ്റ നോട്ടത്തിൽ

| അക്കാദമികം | ഭൗതികം | സാമൂഹികം |
|---|---|---|
| 1. ഭാഷാശേഷി വികസനം | 1. ഗേറ്റ് | 1. പി.ടി.എ ശക്തിപ്പെടുത്തൽ. |
| 2. ഗണിതശേഷി വികസനം | 2. കളിസ്ഥലം | 2. എസ്.എം.സി കാര്യക്ഷമമാക്കൽ |
| 3. ഇംഗ്ലീഷ് പഠനം | 3. സ്റ്റാഫ് മുറി | 3. വിദ്യാലയ വികസന സമിതി |
| 4. വായനാപരിപോഷണം | 4. ചിൽഡ്രൻസ് പാർക്ക് | 4 പൂർവ്വവിദ്യാർത്ഥി സംഘടനയുടെ പ്രവർത്തനം |
| 5. ലൈബ്രറി ശാക്തീകരണം | 5. വിശ്രമമുറി | 5. ഗ്രന്ഥശാലകൾ, ക്ലബുകൾ സന്നദ്ധ സംഘടനകൾ |
| 6. പ്രതിഭാപോഷണ പരിപാടി | 6. സ്മാർട്ട് ക്ലാസ്റൂം | 6. വിദ്യാഭ്യാസ പ്രവർത്തകർ, പൂർവ്വ അധ്യാപകർ, സാംസ്കാരിക സ്ഥാപനങ്ങൾ, വ്യവസായ ഗ്രൂപ്പുകൾ എന്നിവയുടെ സേവനം പരിചയപ്പെടുത്തൽ |
| 7. ജൈവ വൈവിധ്യ പാർക്ക് | 7. ഡൈനിംഗ് ഹാൾ | 7. ക്ലാസ് പി.ടി.എ മാതൃകാപരമാക്കുന്നതിനുള്ള നടപടികൾ |
| 8. സാഹിത്യപോഷണ പരിപാടി | 8. അസംബ്ലി ഹാൾ | 8. വിദ്യാലയമികവുകൾ പൊതുസമൂഹവുമായി പങ്കിടൽ |
| 9. ഫീൽഡ് ട്രിപ്പ് | 9. കുടിവെള്ള വിതരണം | 9. വിദ്യാലയ വിഭവങ്ങൾ സമൂഹത്തിനുകൂടി പ്രയോജനപ്പെടുത്തൽ |
| 10. പഠനയാത്രകൾ | 10 മാലിന്യ സംസ്കരണം | 10. പൊതുസമൂഹത്തിന് അവധി ദിവസങ്ങളിൽ കമ്പ്യൂട്ടർ പരിശീലനം |
| 11 കലാ കായിക മേളകൾ | 11. ടോയ്‌ലറ്റ് | |
| 12. ഐ.ടി പരിശീലനം | 12. ലബോറട്ടറി | |
| 13. അധ്യാപകപരിശീലന പരിപാടി | 13. ചിത്രരചന | |
| 14. ക്ലാസ് പി.ടി.എ സജീവമാക്കൽ | 14. എന്റെ വീട്ടിലും ഒരു കൃഷിത്തോട്ടം | |
| 15. സ്കൂൾ പത്രം / മാസിക | 15. മെട്രിക് മേള | |
| 16. പ്രവൃത്തിപരിചയ പഠനം | 16 ഗണിതോത്സവം | |
| 17. ഒന്നാം ക്ലാസ് ഒന്നാന്തരം | | |
| 18. റേഡിയോപാർക്ക് സജ്ജീകരിക്കൽ | | |

| അക്കാദമികം | ഭൗതികം | സാമൂഹികം |
|---|---|---|
| 1. SRG ശാക്തീകരണം | | 11. ഭവനസന്ദർശനം |
| 0. ശാസ്ത്രാഭിരുചി വളർത്തൽ | | 12. കോർണർ പി.ടി.എ |
| പച്ചക്കറിത്തോട്ടം | | |
| 2. രചനാശില്പശാല | | |
| 3. അഭിമുഖങ്ങൾ | | |
| 4. മെഡിക്കൽ ക്യാമ്പ് | | |
| 5. പോഷകാഹാരപർ പാടി | | |
| 6. പാവനാടക പരിശീലനം | | |
| 7 ഒറിഗാമി ശില്പശാല | | |
| 8. ടേം മൂല്യനിർണ്ണയം | | |
| 9. നിരന്തര മൂല്യനിർണ്ണയം | | |
| 0. ദിനാചരണം | | |
| . കായിക പഠനം. | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പ്രവർത്തനം<br>വായനലോകം<br>ഭാഷാശേഷി വികസനം<br>കുട്ടികളെ വായനയുടെ ലോകത്തേക്ക് കൊണ്ട് വരിക. കുട്ടികളെ മികച്ച വായനക്കാരാക്കുക | തെരഞ്ഞെടുക്കപ്പെട്ട ലളിതമായ പുസ്തകങ്ങൾ കണ്ടെത്തി കുട്ടികൾക്ക് നൽകി, വായനയെ പ്രോത്സാഹിപ്പിക്കുന്നു. | ദിവസങ്ങൾ | ടീച്ചേഴ്സ് | 5000 |
| പ്രവർത്തനം<br>ക്ലാസ് വായന<br>ഭാഷാശേഷി വികാസം<br>കുട്ടികളെ മികച്ച വായനക്കാരനാക്കുക | ഓരോ അസംബ്ലിക് പിരീയഡിലും ആദ്യ അഞ്ച് മിനിട്ടിൽ ഒരാൾ ഒരു ബുക്കിന്റെ ഒരു പേജ് ഉറക്കെ വായിക്കുക. അടുത്ത ദിവസം മറ്റൊരാൾക്ക് അവസരം പുസ്തകം പൂർത്തിയാകുന്നു. വായന കുറിപ്പ് ടീച്ചറിന്റെ സഹായത്തോടെ എഴുതുന്നു. | ദിവസങ്ങൾ | ടീച്ചേഴ്സ് | 5000 |
| പ്രവർത്തനം<br>~~ആശയ~~ പതിപ്പുനിർമ്മാണം<br>ഭാഷാശേഷി പ്രകടനം<br>ആശയങ്ങളെ പഠനനേട്ടങ്ങൾ വിവിധ വ്യവഹാര രൂപങ്ങളാക്കി പ്രകടിപ്പിക്കൽ | പാഠഭാഗവുമായി ബന്ധപ്പെട്ട ആശയങ്ങളെ വിവിധ വ്യവഹാരരൂപങ്ങളിലേക്ക് മാറ്റുന്നു. (കഥ/കവിത/കത്ത്/പോസ്റ്റർ/സംഭാഷണം/കൊറിയോഗ്രാഫി) ഇവ ശേഖരിച്ച് പതിപ്പുകളാക്കി ക്ലാസിൽ പ്രദർശിപ്പിക്കുന്നു. | വർഷം മുഴുവൻ | ടീച്ചേഴ്സ് | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശദാംശം |
|---|---|---|---|---|
| പ്രവർത്തനം<br>പദപരിചയം<br>പദസമ്പാദനം<br>പുതിയ അറബി പദങ്ങൾ കണ്ടെത്താൻ അർത്ഥം കണ്ടെത്താൻ മറ്റ് സന്ദർഭങ്ങളിൽ പ്രയോഗിക്കാൻ | ആഴ്ചയിലൊരിക്കൽ അസംബ്ലിയിൽ അറബിക് അധ്യാപകന്റെ മേൽനോട്ടത്തിൽ ഒരു കുട്ടി പുതിയ ഒരു പദം മൈക്കിലൂടെ അവതരിപ്പിക്കുന്നു. അടുത്ത ദിവസം അതിന്റെ അർത്ഥം കണ്ടെത്തുകയും ആ വാക്ക് വച്ച് പുതിയ വാക്യങ്ങൾ നിർമിച്ച് അസംബ്ലിയിൽ കുട്ടികളെക്കൊണ്ട് തന്നെ വാക്യങ്ങൾ പറയിക്കുന്നു. | ദീർഘകാല പ്രവർത്തനം | അറബിക് ടീച്ചേഴ്സ് | |
| പ്രവർത്തനം<br>അറബിക് ആസ്വാദനം<br>ആസ്വാദനസഭ<br>അറബിക് ഭാഷ ആസ്വാദ്യമാക്കാൻ | പാടാനും പറയാനും കഴിയുന്ന മികച്ച പ്രതിഭകളെ കണ്ടെത്തി മറ്റുള്ള കുട്ടികളെ ആസ്വദിപ്പിക്കുവാനും ശ്രവിക്കാനും അവസരം നൽകുന്നു. ഒരിക്കൽ അവതരിപ്പിച്ച വിദ്യാർത്ഥികൾ അടുത്ത സഭയിൽ ആസ്വാദകരാകണം. നേരത്തെ ഡൗൺലോഡ് ചെയ്തെടുത്ത മികച്ച അറബിക് കഥകളും പാട്ടുകളും ഷോർട്ട് ഫിലിമുകളും LED Projector ന്റെ സഹായത്തോടെ കാണാനുള്ള അവസരം ഒരുക്കുന്നു. | ദീർഘകാലം | അറബിക് ടീച്ചർ | 5000 |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | വിലയിരുത്തൽ |
|---|---|---|---|---|
| പ്രവർത്തനം<br>എഴുത്തിന്റെ ലോകം<br>ഭാഷാശേഷി വികാസം<br>സ്വതന്ത്ര ലേഖനത്തിന് കുട്ടികളെ പ്രാപ്തരാക്കുക | വായനാകാർഡ് നിർമ്മാണം<br>ചുമർപത്രിക നിർമ്മാണം<br>പോസ്റ്റർ നിർമ്മാണം<br>അടിക്കുറിപ്പെഴുതൽ | [illegible] | അറബിക് ടീച്ചർ | |
| അറബിക് ക്ലബ്<br>പ്രവർത്തനം<br>മത്സരങ്ങൾ<br>വ്യത്യസ്ത മേഖലകളെ പരിപോഷിപ്പിക്കൽ<br>കുട്ടികളെ അറബിക്കിന്റെ മത്സരലോകത്തേക്ക് | മുഴുവൻ വിദ്യാർത്ഥികളുടെയും വ്യത്യസ്ത കഴിവുകളെ പരിപോഷിപ്പിക്കുന്നതിനുള്ള മത്സരങ്ങൾ സംഘടിപ്പിക്കുക. ക്വിസ്, പദനിർമ്മാണം എന്നിവ | 3 ടേമുകളിലും | അറബിക് ടീച്ചർ | |
| ഗണിതം<br>പ്രവർത്തനം<br>ഗണിതലാബ് സജ്ജീകരിക്കൽ<br>ഗണിത പഠനപ്രവർത്തനങ്ങൾ സുഗമമാക്കൽ | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ് സജ്ജമാക്കൽ<br>ലാബിൽ വച്ച് ഗണിതക്ലാസ് നടത്തൽ | ആവശ്യാനുസരണം | SRG ഗണിതക്ലബ് | |
| പ്രവർത്തനം<br>ഗണിതപാർക്ക്<br>ഗണിതം മധുരതരമാക്കൽ | ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയ മുറ്റത്ത് പാർക്ക് സജ്ജമാക്കൽ | ഒരു പ്രാവശ്യം | ഗണിത ക്ലബ് | |
| പ്രവർത്തനം<br>ഗണിതക്കളികൾ<br>ഗണിതപഠനം ആനന്ദദായകമാക്കൽ | ഗണിതക്കളികൾ ഗണിതകഥകൾ, ഗണിതപാട്ടുകൾ എന്നിവ ശേഖരിക്കൽ<br>അവതരിപ്പിക്കൽ<br>ഗണിതക്കളികൾ IT സാധ്യതകൾ ഉപയോഗിച്ച് നടത്തുന്നു. ഗണിത Puzzle, quiz എന്നിവ | ദീർഘകാലം | ഗണിത ക്ലബ് ടീച്ചേഴ്സ് | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശാസ്ത്ര പ്രവർത്തനം<br>ശാസ്ത്രലാബ്<br>ശാസ്ത്രലാബ് തയ്യാറാക്കൽ | സയൻസ് പഠിക്കുന്നതിനാവശ്യമായ വിവിധ ഉപകരണങ്ങൾ ശേഖരിക്കലും ക്രമീകരിക്കലും | വർഷാദ്യം | SRG | |
| പ്രവർത്തനം<br>ലഘുപരീക്ഷണം<br>പരീക്ഷണങ്ങളിലൂടെ കുട്ടികൾക്ക് ശാസ്ത്രാവബോധം വളർത്തൽ | പാഠഭാഗവുമായി ബന്ധപ്പെട്ട പരീക്ഷണങ്ങളുടെ സാമഗ്രികൾ ശേഖരിച്ച് അസംബ്ലിയിൽ വച്ച് അവതരിപ്പിച്ച് ശാസ്ത്രസത്യം കുട്ടികളെ ബോധ്യപ്പെടുത്തുന്ന ശേഷം പരീക്ഷണ കുറിപ്പുകൾ തയ്യാറാക്കൽ | ആവശ്യാനുസരണം | SRG | |
| പ്രവർത്തനം<br>ഫീൽഡ് ട്രിപ്പ് | ഓരോ ക്ലാസിലെയും പാഠഭാഗവുമായി ബന്ധപ്പെട്ട് പരിചയപ്പെടേണ്ട സാഹചര്യങ്ങളും/സ്ഥലങ്ങളും/സ്ഥാപനങ്ങളും സന്ദർശിച്ച് അനുഭവങ്ങൾ സ്വാംശീകരിക്കുന്നതിന് | ആവശ്യാനുസരണം | PTA<br>SMC | |
| പ്രവർത്തനം<br>പഠനയാത്രകൾ<br>പ്രത്യക്ഷാനുഭവത്തിലൂടെ പാഠ്യവസ്തുക്കൾ ഗ്രഹിക്കുന്നതിന് | സാമൂഹ്യശാസ്ത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ, സ്മാരകങ്ങൾ തുടങ്ങിയ ഇടങ്ങളിലേക്ക് നടത്തുന്ന പഠനയാത്രകൾ | വർഷത്തിൽ രണ്ട് | SRG<br>PTA | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തി… |
|---|---|---|---|---|
| പ്രവർത്തനം<br>ബുള്ളറ്റിൻ ബോർഡ്<br>സാമൂഹികശാസ്ത്ര അറിവുകളെ അപ്ഡേറ്റ് ചെയ്യൽ | വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥികൾക്കും വായിക്കുവാൻ സൗകര്യപ്രദമായ ഒരിടത്ത് ബുള്ളറ്റിൻ ബോർഡ് സ്ഥാപിക്കുകയും എല്ലാ ദിവസത്തെയും പ്രധാനവാർത്തകൾ പ്രദർശിപ്പിക്കുകയും ചെയ്യൽ | എല്ലാ ദിവസവും | ശാസ്ത്ര ക്ലബ് | |
| പ്രവർത്തനം<br>ചിത്രരചനാക്കളരി<br>ചിത്രരചനയിൽ പ്രാവീണ്യം നേടൽ | മധ്യവേനലവധിക്കാലത്ത് അഞ്ച് ദിവസം നീണ്ടുനിൽക്കുന്ന ചിത്രരചനാപരിശീലനം | മധ്യവേനലവധി | SRG | |
| പ്രവർത്തനം<br>കായികപരിശീലനം<br>കായികപരിശീലനം കാര്യക്ഷമമാക്കൽ | രാവിലെയും വൈകുന്നേരവും കായികപരിശീലനം കുട്ടികൾക്ക് ലഘുഭക്ഷണം നൽകൽ | ആഴ്ചയിൽ 5 ദിവസം | PTA ടീച്ചേഴ്സ് | |
| പ്രവർത്തനം<br>പച്ചക്കറിത്തോട്ടം<br>കാർഷിക സംസ്കൃതി വീണ്ടെടുക്കൽ | വിദ്യാലയത്തിലെ സൗകര്യപ്രദമായ സ്ഥലത്ത് ആകർഷകമായ വിധത്തിൽ പച്ചക്കറിത്തോട്ടം ഉണ്ടാക്കൽ | വർഷത്തിൽ ഒരിക്കൽ | SRG | |
| പ്രവർത്തനം<br>ജൈവവൈവിധ്യപാർക്ക്<br>പ്രകൃതിയെ അടുത്തറിയാൻ അവസരമൊരുക്കൽ | സ്കൂളിലെ സൗകര്യപ്രദമായ സ്ഥലത്ത് ജൈവവൈവിധ്യപാർക്ക് നിർമ്മിക്കൽ | ഒരു പ്രാവശ്യം | SRG | |

പ്രവർത്തനം: മലയാളം

പ്രവർത്തനത്തിന്റെ പേര്: രചനാ ശില്പശാല

ഉദ്ദേശ്യം: മാതൃഭാഷയിലെ വിവിധശേഷികളുടെ വികാസം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സർഗാത്മക രചനകളിൽ ഏർപ്പെടാൻ അവസരമൊരുക്കൽ, വായനാ സാമഗ്രികളുടെ നിർമാണം | കഥയരങ്ങ് / കവിയരങ്ങ് രചനാശില്പശാല എന്നിവ സംഘടിപ്പിക്കൽ രൂപപ്പെടുന്ന ഉൽപന്നങ്ങൾ അച്ചടിച്ച് പ്രസിദ്ധീകരിക്കൽ, ക്ലാസ് മുറിയിലെ പഠനസാമഗ്രികളായി മേൽപറഞ്ഞ ഉത്പന്നങ്ങളെ ഉപയോഗിക്കൽ. | 3 മാസത്തിലൊരിക്കൽ | വിദ്യാരംഗം കലാ സാഹിത്യ വേദി | 5000 |
| പ്രവർത്തനം ബ്ലോഗ് നിറയ്ക്കൽ ലക്ഷ്യം ഭാഷാശേഷി വികസനം രചനകൾ നവമാധ്യമങ്ങളിലൂടെ പ്രസിദ്ധീകരിക്കൽ | സ്കൂളിനായി ഒരു ബ്ലോഗ് തുടങ്ങി കുട്ടികളുടെ മികച്ച രചനകൾ സ്കൂൾ ബ്ലോഗിൽ ചേർക്കൽ. | പ്രതിമാസ പരിപാടി | ടീച്ചേഴ്സ് | |
| പ്രവർത്തനം സർഗസല്ലാപം ഭാഷാവികസനം ഭാഷയിലൂടെ വിവിധ ശേഷികളിൽ മികവ് നേടുക | പ്രാദേശികമായി ലഭ്യമാകുന്ന എഴുത്തുകാരെ സ്കൂളിലെത്തിക്കൽ, അവരുടെ വായന/ എഴുത്തനുഭവങ്ങൾ കുട്ടികളുമായി പങ്കുവയ്ക്കൽ പ്രസിദ്ധീകരിക്കൽ | ഓരോ ടേമിലും | HM ടീച്ചേഴ്സ് | 5000 |
| പ്രവർത്തനം ഗ്രന്ഥശാല ശാക്തീകരണം ഭാഷാശേഷികളുടെ വികസനം വിവിധ സാഹിത്യരൂപങ്ങൾ പരിചയപ്പെടാൻ അവസരമൊരുക്കൽ | ഗ്രന്ഥശാലയിലെ പുസ്തകങ്ങളെ വർഗീകരിച്ച് ക്രമീകരിക്കൽ, കാറ്റലോഗ്, വിതരണ രജിസ്റ്റർ എന്നിവ ശാസ്ത്രീയമാക്കൽ | വർഷത്തിൽ 3 പ്രാവശ്യം | HM PTA ലൈബ്രേറിയൻ | 5000 |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിനിയോഗം |
|---|---|---|---|---|
| [പ്ര]വർത്തനം<br>[illegible]കളെ അറി[illegible]<br>[ഉദ്ദേ]ശ്യം:<br>[ആ]സ്വാദകരുടെ<br>[വി]കസനം<br>[illegible] സാഹിത്യരൂപ-<br>[ങ്ങ]ളെ മറ്റൊരു<br>[illegible]രൂപത്തിലേയ്ക്ക്<br>[മാ]റ്റൽ. | പരിചയപ്പെട്ടിട്ടുള്ള ബാലസാഹിത്യ നോവലുകൾ, ചെറുകഥകൾ എന്നിവയുടെ നാടകാവിഷ്കാരം | 3 മാസത്തിലൊരിക്കൽ | കുട്ടികളുടെ സഹായം | 10000 |
| പ്രവർത്തനം<br>അഭിമുഖം<br>ഉദ്ദേശ്യം:<br>സർഗശേഷി വികസനം<br>സർഗശേഷികളുടെ പരിപോഷണം | പ്രശസ്തരായ വിവിധ സാഹിത്യകാരന്മാരുമായി അഭിമുഖം നടത്തൽ | വർഷത്തിലൊരിക്കൽ | HM<br>SMC<br>PTA | 5000 |
| പ്രവർത്തനം<br>പാവനാടക പരിശീലന ശില്പശാല<br>സർഗാത്മകവികസനം<br>കലാവാസനകളെ പരിപോഷിപ്പിക്കൽ | പാഠഭാഗങ്ങളെ പാവനാടകമാക്കി അവതരിപ്പിക്കാനുള്ള പരിശീലനവും പാവനാടക നിർമ്മാണ ശില്പശാലയും | വർഷത്തിലൊരിക്കൽ | SSG | 15000 |
| പ്രവർത്തനം<br>കുട്ടീസ് റേഡിയോ<br>ഭാഷയുടെ പ്രകടനപരത<br>അവതരണമികവ് കൈവരിക്കൽ | വിദ്യാലയത്തിൽ കേന്ദ്രീകരിച്ചിരിക്കുന്ന റേഡിയോ സ്റ്റുഡിയോയിൽ നിന്ന് എല്ലാ ക്ലാസ്സിലും കേന്ദ്രീകരിച്ചിരിക്കുന്ന സ്പീക്കറിലേക്ക് ഒഴിവ് സമയങ്ങളിൽ റേഡിയോ പ്രക്ഷേപണം. കുട്ടികളുടെ വിവിധ പരിപാടികളുടെ അവതരണം, ഔദ്യോഗിക അറിയിപ്പുകൾ നൽകൽ | ഒഴിവുസമയങ്ങൾ | SRG | 50000 സ്പോൺസറിംഗ് |

| ലക്ഷ്യം. | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശദാംശ |
|---|---|---|---|---|
| പ്രവർത്തനം മലയാളത്തിലുള്ള ഭാഷാശേഷി വികസനം എല്ലാ കുട്ടികൾക്കും മാതൃഭാഷ ഫലപ്രദമായി എഴുതാനും വായിക്കാനും സംസാരിക്കാനും ഉള്ള കഴിവ് നേടൽ | പ്രീ-ടെസ്റ്റ് നടത്തി എഴുത്തിലും വായനയിലും പിന്നാക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തുന്നു. അക്ഷരമുറപ്പിക്കൽ പ്രവർത്തനം ചിത്രസഹായത്തോടെ നൽകുന്നു. ക്കൂട്ടാളങ്ങൾ, അക്ഷരങ്ങൾ എന്നിവ ഉറപ്പിക്കാൻ ഐ.ടി. സാധ്യത ഉപയോഗിക്കുന്നു ചിത്രകഥ, ബാലസാഹിത്യമാസിക എന്നിവ നൽകി ഭിന്നശേഷിക്കാരെ പരിഗണിക്കുന്നതിനായി പ്രത്യേക പ്രവർത്തനപാക്കേജ് തയ്യാറാക്കുന്നു | ദീർഘകാലം IED അധ്യാപകർ ക്ലാസ് ടീച്ചർ SSG | | 5000 |
| പ്രവർത്തനം അമ്മ വായന വായന പരിപോഷിപ്പിക്കൽ | സ്കൂൾ ലൈബ്രറിയിൽ നിന്ന് അമ്മമാർക്ക് പുസ്തകം തെരഞ്ഞെടുക്കാനവസരം. അമ്മമാരുടെ വായനക്കുറിപ്പ് തയ്യാറാക്കൽ. മികച്ച കുറിപ്പ് കണ്ടെത്തൽ. അമ്മ സാഹിത്യസമാജം രൂപീകരിക്കൽ | ദീർഘകാലം | MPTA | |
| പ്രവർത്തനം ബാലസഭ വിവിധ കലാസാഹിത്യ വിസനകളെ പരിപോഷിപ്പിക്കൽ സാഹിത്യം, കല എന്നീ മേഖലകളിൽ കുട്ടികളുടെ കഴിവ് തെളിയിക്കൽ | വിദ്യാരംഗം ക്ലബ്ബ് രൂപീകരണം സ്വന്തമായി കഥ, കവിത തുടങ്ങി വിവിധ ഭാഷാവ്യവഹാരരൂപങ്ങളുടെ രചനയ്ക്കുള്ള അവസരം. വിവിധ കലാസാഹിത്യ മത്സരങ്ങൾ സംഘടിപ്പിക്കൽ സാഹിത്യകാരന്മാരെ സ്കൂളിലേയ്ക്ക് വിളിച്ച് കുട്ടികളുമായി സംവദിക്കാനുള്ള അവസരം | എല്ലാ മാസവും | SRG | 5000 |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പ്രവർത്തനം ബാലസഭ<br>വിവിധ ഭാഷാസാഹിത്യ മേഖലകളെ പരിപോഷിപ്പിക്കൽ<br>കുട്ടികളിലെ കലാവാസനകളുടെ രൂപീകരണവും നടത്തിപ്പും | സ്കൂൾ, ക്ലാസ്, ബാലസഭകൾ രൂപീകരിക്കുന്നു. സ്കൂളുകളിൽ യോഗം സംഘടിപ്പിക്കുന്നു. സൃഷ്ടികളുടെ പരിചയം, പ്രകാശനം, വിദ്യാലയത്തിന് പുറത്ത് ബാലസഭകൾ രൂപീകരിക്കൽ, പരിപാടികളുടെ അവതരണം | ദീർഘകാലം | HM<br>SMC<br>PTA<br>SSG | 10000 |
| പ്രവർത്തനം നിഘണ്ടു നിർമ്മാണം<br>അക്ഷരമാലാക്രമത്തിൽ പദങ്ങൾ ക്രമീകരിക്കൽ, പദസമ്പത്ത് ആർജ്ജിക്കൽ<br>അർത്ഥം കണ്ടെത്തൽ | പാഠഭാഗത്തിലെ പദങ്ങൾ കണ്ടെത്തൽ, അവയെ അക്ഷരമാലാക്രമത്തിലാക്കൽ നിഘണ്ടുനോക്കി അർത്ഥം കണ്ടെത്തി എഴുതൽ ഇത് പാഠനിഘണ്ടു. യൂണിറ്റ് നിഘണ്ടു. ക്ലാസ് നിഘണ്ടു- സ്കൂൾ നിഘണ്ടു. പര്യായ നിഘണ്ടുവിന്റെ നിർമ്മാണവും നടക്കുന്നു. | ദീർഘകാലം | ടീച്ചേഴ്സ് | 5000 |
| പ്രവർത്തനം അറബിക് തിളക്കം<br>ഭാഷാശേഷി വികാസം<br>അറബിക് ഭാഷയിൽ പിന്നാക്കം നിൽക്കുന്ന കുട്ടികളെ പരിപോഷിപ്പിക്കൽ | പ്രീടെസ്റ്റ് നടത്തി പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികളെ കണ്ടെത്തി, അക്ഷരകാർഡ്, പദകാർഡ് എന്നിവ നൽകി. ചിത്രനിരീക്ഷണത്തിന് അവസരം നൽകി, പ്രത്യേകം തയ്യാറാക്കിയ മൊഡ്യൂളടിസ്ഥാനത്തിൽ നിശ്ചിത സമയത്ത് ക്ലാസ് നൽകുന്നു.<br>അക്ഷരങ്ങൾ തിരിച്ചറിയാൻ പ്രയാസം അനുഭവിക്കുന്ന കുട്ടികൾക്ക് കമ്പ്യൂട്ടറിലെ പെയിന്റിൽ അക്ഷരങ്ങൾ നൽകി കുട്ടികൾ നിറം നൽകുന്നു. | 2 മാസം | അറബിക് ടീച്ചർ<br>SRG | 100 |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിനിയോഗം |
|---|---|---|---|---|
| പ്രവർത്തനം - ക്ലാസ് പി.ടി.എ സജീവമാക്കൽ കുട്ടികളുടെ പഠനം കൂടുതൽ മെച്ചപ്പെടുത്തുന്നതിന് | ക്ലാസ് പി ടി എ കൃത്യമായ ഒരുക്കങ്ങൾ വച്ച് പ്രതിമാസം ചേരൽ പഠനപുരോഗതി വിലയിരുത്തൽ, കുട്ടികളുടെ അവതരണം പൊതുചർച്ച. | പ്രതി മാസം | ക്ലാസ് ടീച്ചർ | |
| പ്രവർത്തനം - പോഷകാഹാര പരിപാടി ആരോഗ്യമുള്ള ശരീരം പഠനത്തിന് അനിവാര്യം | ആഴ്ചയിൽ ഓരോ ദിവസവും വ്യത്യസ്ത മെനു വെച്ച് പോഷക സമൃദ്ധമായ പ്രഭാത ഭക്ഷണം നൽകൽ. | എല്ലാ പ്രവൃത്തി ദിവസങ്ങളിലും | HM PTA Noon meal പ്രഭാത ഭക്ഷണ കമ്മിറ്റി | 35000/ Month. |
| പ്രവർത്തനം ജന്മദിനത്തിനൊരു പുസ്തകം. ക്ലാസ് ലൈബ്രറി നവീകരണം | ക്ലാസ് ടീച്ചറും കുട്ടികളും ജന്മദിനത്തിൽ ഒരു പുസ്തകം വീതം ക്ലാസ് ലൈബ്രറിയിലേക്ക് സംഭാവന ചെയ്യുന്നു. | ജന്മദിന ദിവസങ്ങൾ | ക്ലാസ് ടീച്ചർ, ക്ലാസ് ലൈബ്രേറിയൻ | |
| പ്രവർത്തനം കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തുന്നതിന് -ശാസ്ത്ര മാജിക് | ലളിതമായ ശാസ്ത്ര പരീക്ഷണങ്ങൾ കുട്ടികൾ തന്നെ അവതരിപ്പിക്കുന്നു. പ്രവർത്തനക്രമം ചിത്രസഹിതം ബുക്കിൽ വരച്ച് രേഖപ്പെടുത്തുന്നു. | മാസത്തിൽ ഒന്ന് | SRG Science club | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| പ്രവർത്തനം<br>മൺമറഞ്ഞ ആഹാരം.<br>കേരളീയരുടെ പ്രാചീന നാടൻ ഭക്ഷണങ്ങൾ പരിചയപ്പെടൽ. | കേരളത്തിൽ നിലവിലുണ്ടായിരുന്ന പ്രാചീന ആഹാര സാധനങ്ങൾ, പലഹാരങ്ങൾ പാനീയങ്ങൾ എന്നിവയുടെ പട്ടിക തയാറാക്കുന്നു. തയാറാക്കുന്ന രീതികൾ മനസ്സിലാക്കി അവ ചേർത്ത് പതിപ്പ് തയാറാക്കുന്നു. രക്ഷിതാക്കളെ സഹകരിപ്പിക്കുന്നു | വർഷത്തിൽ ഒരിക്കൽ | SRG<br>PTA | |
| പ്രവർത്തനം<br>ടോയ്‌ലറ്റ് കോംപ്ലക്സ് ശുചിത്വം | സൗകര്യപ്രദമായ സ്ഥലത്ത് ശൗചാലയം നിർമ്മിക്കൽ. | 6 മാസം | PTA<br>Block പഞ്ചായത്ത്,<br>STAFF | 2 ലക്ഷം |
| പ്രവർത്തനം<br>യോഗ പരിശീലനം കൊണ്ട് ആരോഗ്യവും ശരീരവും മനസ്സും കുട്ടികൾക്ക് പ്രദാനം ചെയ്യൽ. | യോഗ പരിശീലനത്തിനാവശ്യമായ സ്ഥലം തയാറാക്കി യോഗ പരിശീലനം | ആഴ്ചയിൽ 1 ദിവസം | PTA<br>Staff. | - |
| പ്രവർത്തനം<br>മാലിന്യ നിർമ്മാർജനം. ശുചിത്വമുള്ള അന്തരീക്ഷം ഒരുക്കൽ | ജൈവ മാലിന്യങ്ങളും സംസ്കരിക്കുന്നതിനുള്ള ഉപകരണം ഒരുക്കുന്നു. | 1 വർഷം | SSG,<br>SRG | 1 ലക്ഷം.. |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശദാംശം |
|---|---|---|---|---|
| പ്രവർത്തനം<br>ബയോഗ്യാസ് പ്ലാന്റ്<br>മാലിന്യത്തെ ഊർജ്ജമാക്കി മാറ്റൽ | ബയോഗ്യാസ് പ്ലാന്റ് പ്രവർത്തന ക്ഷമമാക്കൽ. | 6 മാസം | PTA Staff. | |
| പ്രവർത്തനം<br>പൂർവ്വ വിദ്യാർത്ഥി സംഗമങ്ങൾ<br>സമൂഹ പങ്കാളിത്തം ഉറപ്പാക്കൽ | വിവിധ ബാച്ചുകളിലായി പൂർവ്വ വിദ്യാർത്ഥി സംഗമം വിളിച്ചുചേർക്കൽ അവരുടെ മുന്നിൽ വിദ്യാലയത്തിന്റെ ആവശ്യങ്ങൾ അവതരിപ്പിക്കൽ. | വർഷത്തിൽ ഒരിക്കൽ | SSG | 5000 |
| പ്രവർത്തനം<br>ഗ്രാമപത്രം<br>വിദ്യാലയ പ്രവർത്തനങ്ങൾ പൊതുസമൂഹത്തെ അറിയിക്കൽ | വിദ്യാലയത്തിൽ ഗ്രാമപത്രം തയ്യാറാക്കുകയും നവ മാധ്യമങ്ങൾ വഴി അവയെ ജനങ്ങളിലെത്തിക്കുകയും ചെയ്യുക. | മാസത്തിലൊരിക്കൽ | SRG | |
| പ്രവർത്തനം.<br>ഇ - പ്രചരണം<br>നവ മാധ്യമങ്ങളിലൂടെ മികച്ച വിദ്യാലയ പ്രചാരകർ | സ്കൂളിന്റെ മികവാർന്ന പഠന പാഠ്യേതര പ്രവർത്തനങ്ങൾ വീഡിയോകൾ, ഷോർട്ട്സുകൾ, റീലുകൾ എന്നിവയാക്കി പ്രചരിപ്പിക്കുക. | ഓരോ പ്രോഗ്രാമിന്റെ സമയത്തും | SRG Staff PTA കമ്മിറ്റികൾ. | |

പ്രവർത്തനം: ഇംഗ്ലീഷ് അസംബ്ലി

ഉപമേഖല: ഇംഗ്ലീഷ് ഭാഷാ പഠനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| ① എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള കഴിവ് വികസിപ്പിക്കുക. | ആഴ്ചയിൽ ഒരു ദിവസം കുട്ടികൾ തന്നെ അസംബ്ലിയിലെ മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കുന്നു. ഓരോ ക്ലാസുകൾക്ക് ഇടവിട്ട് ചുമതല നൽകൽ | ആഴ്ചയിൽ ഒന്ന് | Class Tr. |
| ② English_Corner. ഇംഗ്ലീഷ് പഠനത്തിനിടം സൃഷ്ടിക്കൽ | ക്ലാസ് മുറികളിൽ ഇംഗ്ലീഷ് പ്രസിദ്ധീകരണങ്ങൾ, പുസ്തകങ്ങൾ എന്നിവയുടെ ശേഖരം ഒരുക്കൽ. കുട്ടികൾക്ക് കാണാവുന്ന വിധത്തിൽ ഭിത്തിയിൽ ഇംഗ്ലീഷ് വാർത്തകൾ എഴുതി പ്രദർശിപ്പിക്കുക | പ്രതിദിനം | English club |
| ③ ഇംഗ്ലീഷിലേയ്ക്കുള്ള തർജ്ജമ. അനൗപചാരിക സന്ദർഭങ്ങളിൽ ഇംഗ്ലീഷ് ഭാഷയുടെ പ്രയോഗം. | ലളിതമായ മലയാള വാക്യങ്ങൾ നൽകുന്നു. തെറ്റില്ലാതെ ഇംഗ്ലീഷിലേക്ക് മാറ്റൽ. | പ്രതിദിന പരിപാടി | English Tr. |
| ④ വിവരണം/വർണന അനായാസേനയുള്ള ഇംഗ്ലീഷ് ഭാഷണം. | ചിത്രങ്ങളോ വസ്തുക്കളോ നൽകി അതിനെ കുറിച്ച് പറയാനാവശ്യപ്പെടുന്നു. ഒരു ദിവസം 3 കുട്ടികൾക്കവസരം | പ്രതിദിന പരിപാടി. | English Tr. |

| | | | |
|---|---|---|---|
| (5) മാഗസിൻ നിർമ്മാണം ഇംഗ്ലീഷ് ഭാഷയുമായി ബന്ധപ്പെട്ട രചനകളിൽ ഏർപ്പെടൽ. | 1 മുതൽ നാലുവരെ ക്ലാസുകളിലെ പാഠഭാഗവുമായി ബന്ധപ്പെട്ട് കുട്ടികളുടെ ഭാഷയിലെ വിവിധ വ്യവഹാരരൂപങ്ങളിലുള്ള സൃഷ്ടികൾ ചേർത്ത് മാഗസിൻ തയ്യാറാക്കുന്നു. | പ്രതി മാസം | Cl T |
| (6) Role play ഇംഗ്ലീഷിലുള്ള ആശയവിനിമയ ശേഷി വളർത്തൽ | പാഠഭാഗവുമായി ബന്ധപ്പെട്ട ആശയങ്ങളെ സംഭാഷണ രൂപത്തിലാക്കി ക്ലാസിൽ role play യ്ക്ക് അവസരം നൽകുന്നു. ബാലസഭ / class PTA എന്നിവയിൽ അവതരിപ്പിക്കുന്നു. | പ്രതി മാസം | Engl Tr |
| (7) English Fest ഇംഗ്ലീഷ് ഭാഷയിൽ കുട്ടികളുടെ കലാ സാംസ്കാരിക മികവുകൾ പൊതു സമൂഹത്തിൽ സഭാകമ്പമില്ലാതെ അവതരിപ്പിക്കുന്നതിന് | കഥപറച്ചിൽ / പദ്യം ചൊല്ലൽ / role play / Choreography / നാടക / തിയേറ്റർ റീഡിംഗ് എന്നിവയ്ക്കാവശ്യമായ പരിശീലനം നൽകി English Fest സംഘടിപ്പിക്കുന്നു | 3 ടേമുകളിലായി | Engl Tr. |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമത |
|---|---|---|---|
| കാരണവക്കൂട്ടം<br>വിദ്യാലയപ്രവർത്തനങ്ങളിൽ മുതിർന്ന തലമുറയുടെ പങ്കാളിത്തം ഉറപ്പാക്കുന്നു. | വിദ്യാലയ പരിസരത്ത് താമസിക്കുന്ന 80 വയസിന് മുകളിൽ പ്രായമുള്ളവർ അതിഥികളായി സ്കൂളിലേക്ക് ക്ഷണിക്കുന്നു. നിശ്ചിത ചോദ്യാവലിയുടെ അടിസ്ഥാനത്തിൽ കുട്ടികൾ ആശയവിനിമയം നടത്തുന്നു. വിവരശേഖരണം നടത്തുന്നു | വർഷത്തിൽ ഒരിക്കൽ | SRG. |
| ഹരിതവിദ്യാലയം<br>വിദ്യാലയ പരിസരം പച്ചപ്പു വഴി ഹരിതാഭമാക്കൽ. | വിദ്യാലയത്തിൽ ഒരു ഔഷധത്തോട്ടവും പച്ചക്കറിത്തോട്ടവും സജ്ജീകരിക്കൽ ചുമതല ഗ്രൂപ്പ് തിരിച്ച് കുട്ടികൾക്ക് നൽകുന്നു | ദിനവും | PTA |
| പാഥേയം<br>വിദ്യാലയം ജീവകാരുണ്യ പ്രവർത്തനത്തിൽ പങ്കാളിയാകൽ. | മുൻ നിശ്ചയിച്ച തിയതിയിൽ വിദ്യാലയത്തിലെ മുഴുവൻ കുട്ടികളും 2 പൊതിച്ചോർ കൊണ്ടുവരുന്നു. സമീപ ~~ങ്ങളിലെ~~ അനാഥാലയങ്ങൾ ആശുപത്രികൾ എന്നിവിടങ്ങളിൽ ഈ പൊതികൾ ഉച്ചഭക്ഷണമായി നൽകുന്നു | വർഷത്തിൽ ഒരിക്കൽ | SRG. |
| മികവുതേടി സ്കൂളിലേക്ക് പഠനയാത്ര.<br>കൂടുതൽ ആശയങ്ങൾ സ്വരൂപിക്കൽ. | മികവാർന്ന വിധത്തിൽ പാഠ്യ പാഠ്യേതര പ്രവർത്തനങ്ങൾ നടക്കുന്ന വിദ്യാലയങ്ങളിലേക്ക് യാത്ര നടത്തി അനുഭവങ്ങൾ അടുത്തറിയൽ | വർഷത്തിൽ ഒരിക്കൽ | PTA |

| | | | |
|---|---|---|---|
| 100 കവികൾ 100 കവിതകൾ<br>കവിതകളെയും കൃതികളെയും പരിചയപ്പെടാൻ അവസരമൊരുക്കൽ. | 100 കുട്ടികൾക്ക് 100 കവികളുടെ പേരുകൾ നൽകുന്നു. ഓരോ കുട്ടിയും അവർക്ക് ലഭിച്ചിരിക്കുന്ന കവിയുടെ ഒരു കവിതയും കവിയുടെ ലഘുജീവചരിത്രവും തയ്യാറാക്കണം. പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കുന്നു. | വർഷത്തിൽ 1 | SRG |
| വിജ്ഞാനലോകം.<br>പൊതുവിജ്ഞാനം എല്ലാ കുട്ടികളിലും | എല്ലാ ദിവസവും 5 ചോദ്യവും ഉത്തരവും ക്ലാസിന്റെ നിലവാരത്തിനനുസരിച്ച് നൽകുന്നു. മാസാന്ത്യം ക്ലാസ് തലത്തിൽ ഒരു ക്വിസ് നടത്തി വിജയികൾക്ക് സമ്മാനം നൽകുന്നു. വർഷാന്ത്യം പൊതുക്വിസ് നടത്തുന്നു. | മാസം 1 | Class Tr |
| English enhancement | ആഴ്ച തോറും കുട്ടികൾക്ക് ഒരു ദിവസം spoken english പരിശീലനം നൽകും<br>ഇന്ന് വാക്ക് എല്ലാ ദിവസവും കുട്ടികൾക്ക് എഴുതിയിട്ട് കൊടുക്കുന്നു ആഴ്ചയിൽ മാസത്തിൽ spell bee competition നടത്തുന്നു. വർഷാവസാനം ഒരു spell bee contest - നടത്തി സമ്മാന വിതരണം | എല്ലാ ആഴ്ച്ച<br>എല്ലാ മാസം<br>വർഷാന്ത്യം | SRG Trs |